പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4433

17.05.2017 — ൽ മറുപടിക്ക്

## റേഷൻ കടകളെ കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന എൻഡ് ടു എൻഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, എ.എൻ. ഷംസീർ<br>,, ഐ.ബി .സതീഷ്<br>,, ആർ. രാജേഷ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് ആധാർ അധിഷ്ഠിതമാക്കി യഥാർത്ഥ ഉണഭോക്താവിനെ തിരിച്ചറിഞ്ഞുള്ള റേഷൻ വിതരണം, ജി.പി.എസ്. ട്രാക്കിംഗ്, ട്രാൻസ്പാരൻസി പോർട്ടൽ (ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് ഓൺലൈനിൽ പ്രദർശിപ്പിക്കുന്നത്), പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റിംഗ്, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങൾ പുതിയതായി റേഷൻ വിതരണ മേഖലയിൽ നടപ്പിലാക്കി വരുന്നു. |
| (ബി) റേഷൻ കടകളെ കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന എൻഡ് ടു എൻഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സപ്ലൈകോ സ്വീകരിച്ച് വരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 23.02.2017 ന് **RFP (Request for Proposal)** പബ്ലിഷ് ചെയ്യുകയുണ്ടായി. ഇപ്പോൾ ലഭ്യമായ ടെണ്ടറുകളുടെ ഇവാല്യൂവേഷൻ പ്രക്രിയ നടന്നു വരികയാണ്. ഈ മാസത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്റ്റിന്റെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്. റേഷൻ |

കടകളിൽ സ്റ്റോക്ക് നേരിട്ടെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | റേഷൻ വിതരണം സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും കാര്യക്ഷമമായ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനായി ടോൾ ഫ്രീ നമ്പരുകളായ 1800-425-1550, 1967 എന്നിവ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു. ടി നമ്പരുകളിൽ ലഭിക്കുന്ന പരാതികൾ ജില്ല / താലൂക്ക് സപ്ലൈ ആഫീസർമാർ അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സിവിൽ സപ്ലൈസ് ഡയറക്ടർ, റേഷനിംഗ് കൺട്രോളർ, വിജിലൻസ് ആഫീസർ എന്നിവർക്ക് ലഭിക്കുന്ന പരാതികൾ അടിയന്തിര അന്വേഷണം നടത്തി പരിഹാരം കണ്ടുവരുന്നു. ജില്ല/താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളും ജില്ല സപ്ലൈ ആഫീസർ / താലൂക്ക് സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നു. സർക്കാർ തലത്തിൽ ലഭിക്കുന്ന പരാതികൾ സിവിൽ സപ്ലൈസ് കമ്മീഷണർ വഴി അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ